# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 549** **26.04.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് ചെലവായ തുക

| | ചോദ്യം<br>**ശ്രീ.ആർ. രാജേഷ്:** | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ വൈദ്യുതീകരിച്ച വീടുകൾ എത്രയാണ്; ഇതിന് ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 22.04.2017-ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെയുള്ള 151649 അപേക്ഷകരിൽ ഇതിനോടകം 144065 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം 174.0 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന പദ്ധതി ചെലവ്.<br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി എത്താത്ത സ്ഥലത്ത് സോളാർ ഉപയോഗിച്ച് 257 വീടുകൾ വൈദ്യുതീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയുടെ ജോലികൾ പുരോഗമിച്ചു വരുന്നു. ഇതിന് വേണ്ടി 1.73215 കോടി ചെലവ് പ്രതീക്ഷിക്കുന്നു. ചെലവായ തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | ഇതിനായി തുക കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; കണ്ടെത്തിയ തുക എത്രയാണ് ? | (ബി) | ടി പദ്ധതിയ്ക്ക് 174 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു മണ്ഡലത്തിൽ പ്രതീക്ഷിക്കുന്ന ചെലവിന്റെ 50 ശതമാനം (പരമാവധി ഒരു കോടി രൂപ) എന്ന നിരക്കിൽ 63.82 കോടി രൂപ കെ.എസ്.ഇ.ബി. വഹിക്കാനും ബാക്കി ആവശ്യമുള്ള തുക ചുവടെ ചേർത്തിരിക്കുന്ന മറ്റ് സ്രോതസ്സുകളിൽ നിന്ന് കണ്ടെത്താനും തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 1 | പട്ടികജാതി ക്ഷേമ വകുപ്പ് | 15.7 കോടി രൂപ |
| 2 | പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് | 14.7 കോടി രൂപ |
| 3 | തദ്ദേശ സ്വയംഭരണ വകുപ്പ് | 21.1 കോടി രൂപ |

| | | |
|---|---|---|
| 4 | എം.എൽ.എ. ADF/SDF | 40.3 കോടി രൂപ |
| 5 | എം.പി. LAD | 7.3 കോടി രൂപ |
| 6 | മറ്റ് സ്രോതസ്സുകൾ | 10.92 കോടി രൂപ |

Hemalatha

**സെക്ഷൻ ഓഫീസർ**